# കേരള സർക്കാർ

# പായിപ്ര ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

നം. കെ. എസ്.എ.ഇ.കെ.എം. (പി.8)2059 /2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി: 22.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :-</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.ഇ.കെ.എം.(പി.8) 2059/18

തീയതി 22.03.2019

**എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി.ആർ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.11.18 മുതൽ 16.11.18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.എ.മൈക്കിൾ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി റസിയ ബീവി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷഫീക്ക് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി സ്വപ്ന വി., ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | നൂർജ്ജഹാൻ നാസർ | 01-04-2017 മുതൽ 22-06-2017 വരെ F.N |
| | ആലീസ് കെ. ഏലിയാസ് | 22.06.2017 A.N മുതൽ 31.03.2018 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ജി. ജിനേഷ് | 01.04.17 | 24.06.17 F.N |
| | സുധീർ ബി. | 24.06.17 A.N | 31.03.18 |
| അസിസ്റ്റന്റ് സെക്രട്ടറി | ഗീതാകുമാരി കെ.പി | 01.04.17 | 31.07.17 ( 01.08.2017 to 02.08.2017 vacant ) |
| | ശ്രീലത ജി. | 03-08-17 | 31-03-18 |
| കൃഷി ഓഫീസർ | രാജു പി.എൻ | 01.04.17 | 31.03.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ.പി. സോമൻ | 01.04.17 | 05.10.17 F.N |
| | ശ്രീ. സാം മാത്യു, അസിസ്റ്റന്റ് എഞ്ചിനീയർ, വാളകം ഗ്രാമ പഞ്ചായത്ത് (അധിക ചുമതല) | 05.10.17 A.N | 27.11.17 |
| | ശ്രീമതി സന്ധ്യ കൃഷ്ണൻ | 28.11.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ. അരുൺ ബി.ആർ. | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ലാലി ജോൺ | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സീന മോൾ (മെഡിക്കൽ ഓഫീസർ, ജി.എച്ച്.സി, കീഴില്ലം) | 01.04.17 | 09.06.17 |
| | ഡോ. കൃഷ്ണകുമാർ സി.കെ.,ആയുഷ്, ഹോമിയോപ്പതി, ദേശീയ ആരോഗ്യ മിഷൻ | 10.06.17 | 31.03.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | എലിസബത്ത് സി.ജോർജ്ജ് | 01.04.17 | 15.07.17 ( 16.07.2017 to 27.07.2017 vacant ) |
| | ഷൈമ ജെ. | 28.07.17 | 10.11.17 (11.11.2017 to 06.12.2017 vacant ) |
| | ഷേബ പി.ബേബി | 07.12.17 | 31.03.18 |
| വെറ്ററിനറി സർജൻ | ഡോ. ലീലാ പോൾ | 01.04.17 | 31.03.18 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പായിപ്ര) | ജിതിൻ കെ | 01.04.17 | 31.03.18 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( മൂടവൂർ) | മായ കെ.വി. | 01.04.17 | 31.03.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുസമ്മ | 01.04.17 | 31.03.18 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം -12540 രൂപ | 2-3 |
| 16 | പരസ്യ നികുതി ഈടാക്കിയില്ല. | 2-4 |
| | ഭാഗം - 3 | |
| 17 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജ് അധികം അനുവദിച്ചു. | 3-1 |
| 18 | ദേശിയ ഗ്രാമിണ തൊഴിലുറപ്പ് പദ്ധതി-കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ് | 3-2 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 650000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 20 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-4 |
| 21 | ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-5 |
| 22 | സേവന നികുതി അടച്ചിട്ടില്ല | 3-6 |
| | ഭാഗം - 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 35 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 36 | ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17-03-18 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 25.05.2018 |

.

.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25-06-2018 & 26-06-2018 | കെ.എസ്.എ.ഇ.കെ.എം.(പി.ജി)1786 (59)/2018 തീയതി 30-08-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,78,96,403 |
| വരവ് | 8,41,84,958 |
| ആകെ | 11,20,81,361 |
| ചെലവ് | 9,89,66,800 |
| നീക്കിയിരിപ്പ് | 1,31,14,561 |

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | | 21505000 | 21505000 | 17863843 | 0 |
| വികസനഫണ്ട് എസ്.സി.പി. (A... | | 4715119 | 4715119 | 4074528 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസനഫണ്ട് ടി.എസ്.പി. (ACR പ്രകാരം) | | | 1,43,942 | 1,43,942 | 1,43,942 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് (ACR പ്രകാരം) | | | 1,59,03,000 | 1,59,03,000 | 99,38,528 | 0 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് (ACR പ്രകാരം) | | | 47,80,000 | 47,80,000 | 32,18,720 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 1,01,00,469 | 1,01,00,469 | 61,78,884 | 0 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | | | 15,59,561 | 15,59,561 | 15,35,562 | 0 |
| സാക്ഷരത | | 2,891 | 25,282 | 28,173 | 25,174 | 2,999 |
| ദുരിതാശ്വാസ നിധി | | 2,288 | 6,78,456 | 6,80,754 | 10 | 6,80,744 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | - | 18155682 | 18155682 | 18155,682 | - |
| | ഭരണചെലവ് | - | 9,82,519 | 9,82,519 | 9,82,519 | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | T.S.C | 1,95,205 | 7,271 | 2,02,416 | 0 | 2,02,476 |
| | I.C.D.S | 14,93,732 | 8,23,907 | 23,17,639 | 9,98,619 | 13,19,020 |
| | A.R.W.S.S | 0 | 2,87,874 | 2,87,874 | 0 | 2,87,874 |
| | T.S.C -Special | 0 | 25,000 | 25,000 | 16,000 | 9,000 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | ശുചിത്വ മിഷൻ | 91,309 | 2,11,601 | 3,02,910 | 3,02,910 | 0 |
| | വിമുക്തി ഫണ്ട് | 25,000 | 12,500 | 37,500 | 0 | 37,500 |
| | ഇ-സാക്ഷരത | 1,00,000 | 0 | 1,00,000 | 0 | 1,00,000 |
| സംയുക്ത പ്രോജക്ടുകൾ | ബ്ലോക്ക് പഞ്ചായത്ത് | - | 9,98,265 | 9,98,265 | 9,98,265 | - |
| | ജില്ലാ പഞ്ചായത്ത് | - | 2,00,000 | 2,00,000 | 2,00,000 | - |
| ജനറൽ പർപ്പസ് ഗ്രാന്റ്- ട്രഷറി | | 15546065 | 13794000 | 29340065 | 30978389 | (-)1638324 |
| ബി ഫണ്ട് | | 0 | 2,75,280 | 2,75.280 | 2,75,280 | 0 |
| ജനകീയ ഭവനം | | 2,05,191 | 7,643 | 2,12,834 | 0 | 2,12,834 |
| കുടുംബശ്രീ | | 10,199 | 381 | 10,580 | 0 | 10,580 |
| ട്രഷറി TPA അക്കൌണ്ട് | | 500 | 0 | 500 | 0 | 500 |
| തനത് ഫണ്ട്- ബാങ്ക് | | 10224023 | 22833962 | 33057985 | 21168627 | 11889358 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 361 | 11,24,20,511 | 222 | 6,01,58,476 | 23 | 116 | 62% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1.പ്രൊജക്ട് നം-99/18-അറവ് ശാല നിർമ്മാണം-7,00,000 രൂപ

.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 982519 | 982519 | 982519 | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 15251350 | 15251350 | 15251350 | - |
| സാധനങ്ങൾ | - | 2904332 | 2904332 | 2904332 | - |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65,280 | 112 |
| കർഷകത്തൊഴിലാളി പെൻഷൻ | 26,65,200 | 892 |
| വിധവാപെൻഷൻ | 34,83,000 | 1258 |
| വാർദ്ധക്യകാലപെൻഷൻ | 70,80,000 | 2484 |
| വികലാംഗപെൻഷൻ | 18,08,100 | 677 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 84,000 | 30 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 | 6 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2018 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,127-(മുപ്പത്തിഅയ്യായിരത്തി നൂറ്റി ഇരുപത്തി ഏഴ് ) രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 അഭ്യന്തര നിയന്ത്രണം

രസീതുകളും അനുബന്ധ രജിസ്റ്ററുകളും ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ട്.

.

.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2018 | 09/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2014മുതൽ 06.06.2014 വരെ | 2009-10മുതൽ 2013-14വരെ | 20.07.2015 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

30-08-18 ലെ കെ.എസ്.എ.-ഇ.കെ.എം(പി.ജി.)1786 (59)/2018 പ്രകാരം പുറപ്പെടുവിച്ച 2017-18 ലെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്ന ടി.പി.അക്കൌണ്ട് നമ്പർ 219 ൽ നീക്കിയിരിപ്പുണ്ടായിരുന്ന പലിശയുൾപ്പടെയുള്ള 12,788 രൂപ തിരികെ ലഭിക്കുന്നതിന് 26-09-2018 ലെ എ1-100/15 നമ്പർ കത്ത് ട്രഷറി ഡയറക്ടർ ഉൾപ്പെടെയുള്ള അധികാരികൾക്ക് നൽകിയിട്ടുണ്ടെങ്കിലും തുക തിരികെ ലഭ്യമായിട്ടില്ല. മറ്റ് അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2017-18 സാമ്പത്തിക വർഷത്തിലെ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1. യോഗക്ഷേമം ലോൺസ് ലിമിറ്റഡ്,പേഴക്കാപ്പിള്ളി ബ്രാഞ്ച്

2. സതേൺ ചിട്ടീസ്ആന്റ് അസ്സോസിയേറ്റ്സ്,പേഴക്കാപ്പിള്ളി

3. പുതുശ്ശേരി ട്രാവൽസ്,എച്ച് പി ഡീലർ,പേഴക്കാപ്പിള്ളി

4. കോട്ടൺ ഏഷ്യ ടെക്സ്റ്റൈൽ ഇൻഡസ്ട്രീസ് ,മുടവൂർ

5. ഫാൽക്കൺഇൻഡസ്ട്രീസ് ,മണാരിപി.ഒ

6. പുതുശ്ശേരി ടിംബർ ഇൻഡസ്ട്രീസ്.

7. ഗ്രീൻ ഫീൽഡ് പ്ലൈവുഡ്സ് ,പേഴക്കാപ്പിള്ളി

8. ഇൻഡസ് പ്ലൈബോർഡ്സ്,മണാരി പി.ഒ

9. പ്രൈംവിനീർ & ബോർഡ്സ് ,മെട്രോള റോഡ്

10. കൊച്ചിൻ പ്ലൈവുഡ്സ്, മുടവൂർ

11. പെപ്സൺഇൻഡസ്ട്രീസ് ,മുടവൂർ

12. മരങ്ങാട്ടു പ്ലൈവുഡ്സ്,മുളവൂർ പി.ഒ

13. കെ.കെ പ്ലൈവുഡ്സ് ,മുളവൂർ പി.ഒ

14. തോട്ടത്തിൽ ഇൻഡസ്ട്രീസ് പേഴക്കാപ്പിള്ളി

15. മൈക്രോപ്ലൈവുഡ്സ്,മണാരിപി.ഒ

16. ത്രിവേണി പ്ലൈവുഡ്സ്,മണാരിപി.ഒ

17. അലയ്ക്കൽ പ്ലൈവുഡ്സ്,പേഴക്കാപ്പിള്ളി

18. ക്വാളിറ്റി പ്ലാസ്റ്റിക്സ്,പുതുപ്പാടി പി.ഒ

19. എ.സി.എ പോളിമേഴ്സ്, മണാരി പി.ഒ

20. സെഞ്ചുറി പ്ലൈവുഡ്സ്

22. ഇക്കോഫൈൻ ട്രീറ്റ് വുഡ്സ് ,പ്രൈവറ്റ് ലിമിറ്റഡ് (2017-18 IInd Half)

23. പായിപ്ര ഗ്രാമീണ ബാങ്ക്,പേഴക്കാപ്പിള്ളി (2017-18 Ist half)

24. സി.ഡി.എസ് കുടുംബശ്രീ- പായിപ്ര പഞ്ചായത്ത് (2017-18 Ist half)

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 ലെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

1)പോപ്പുലർ മോട്ടോർ വേൾഡ് പ്രൈവറ്റ് ലിമിറ്റഡ്,മൂവാറ്റുപുഴ

2)മെട്രോള സ്റ്റീൽസ് ,പേഴക്കാപ്പിള്ളി

3)ബി.എസ്.എൻ .എൽ

4)കെ.എസ്.ഇ.ബി ലൈൻ മെയിന്റനൻസ് സെക്ഷൻ മൂവാറ്റുപുഴ

5)കെ.എസ്.ഇ.ബി 110 കെ.വി സബ്സ്റ്റേഷൻ മൂവാറ്റുപുഴ

6)കെ.എസ്.ഇ.ബി റ്റി.സി സെക്ഷൻ ന്യൂ മൂവാറ്റുപുഴ

7)കെ.എസ്.ഇ.ബി ട്രാൻസ് മിഷൻ സബ്ഡിവിഷൻ മൂവാറ്റുപുഴ

8)കെ.എസ്.ഇ.ബി കമ്മ്യൂണിക്കേഷൻ സബ്ഡിവിഷൻ മൂവാറ്റുപുഴ

9)കെ.എസ്.ഇ.ബി കമ്മ്യൂണിക്കേഷൻ സെക്ഷൻ മൂവാറ്റുപുഴ

10)എപ്പീസ് പ്ളൈവുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്,പേഴക്കാപ്പിള്ളി

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 2017-2018 ലെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം -12540 രൂപ

കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷീക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവ് പ്രകാരം 20.12.2011 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം പായിപ്ര ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതിപരിഷ്കരണത്തിനുള്ള A4-6679/2011ാം നമ്പർ വിജ്ഞാപനത്തിൻ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വാർഡ് നം/ കെട്ടിട നം | വിസ്തൃതി (ച. മീ.) | 60 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ടി യിരുന്ന നികുതി | 30 രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|
| അബ്ദുൾഅസീസ് ടി .എം, തെക്കേക്കര, പേഴക്കാപ്പള്ളി XIV/163 Aമുതൽ-Iവരെ | 288 | 17280 | 8640 | 8640 |
| റോയ് പള്ളിക്കാം കടി ,മുളവൂർ IV/708A,708B,708C,708F | 130 | 7800 | 3900 | 3900 |
| ആകെ | | | | 12540 |

വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിച്ചതിൽ പഞ്ചായത്തിന് 12540 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കിയില്ല.

2017-2018 വർഷത്തേക്കു പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം രൂ.60101/- രൂപ ക്വാട്ട് ചെയ്ത ശ്രീ എൽദോസിന് 31.3.17 ലെ 2(1) നമ്പർ തീരുമാന പ്രകാരം നൽകി. 18.3.17 ലെ ലേല നോട്ടീസിലെ വ്യവസ്ഥകളിലേയും നിബന്ധനകളിലേയും വ്യവസ്ഥ നം.(5) പ്രകാരം ലേലം കൊള്ളുന്നയാൾ മുഴുവൻ തുകയും അടയ്ക്കണം എന്നും, വ്യവസ്ഥ(7) പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ലേല/ക്വട്ടേഷൻ തുക പഞ്ചായത്തിൽ അടയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം പുനർലേലം നടത്തുന്നതും, ആയതുമൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് വീഴ്ച വരുത്തുന്ന ആളുകൾ ഉത്തരവാദികൾ ആയിരിക്കും എന്നും വ്യവസ്ഥകൾ ഉണ്ടായിരിക്കെ ശ്രീ എൽദോസിൽ നിന്നും നാളിതുവരെ രൂ.50025/- മാത്രമേ ഈടാക്കിയിട്ടുള്ളൂ. ടി വിഷയം സംബന്ധിച്ച് 16.11.18 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ശ്രീ എൽദോസിൽ നിന്ന് ഈടാക്കാനുള്ള രൂ.10076/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജ് അധികം അനുവദിച്ചു.

പഞ്ചായത്തിൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പണികളിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പിന്നീട് ഫൈനൽ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ്ജിനത്തിൽ 7.5% തുക കുറക്കുകയും 6 % തുക കൂട്ടുകയും ചെയ്ത് ആകെ പ്രവൃത്തിമൂല്യം കണ്ടതിന് ശേഷം നിയമാനുസൃത റിക്കവറികൾ പിടിച്ച് കൺവീനർക്ക് തുക നൽകുകയാണ് ചെയ്യുന്നത്. എസ്റ്റിമേറ്റ് നിരക്കിൽ ഉൾപ്പെട്ട ഓവർഹെഡ് ചാർജ്ജ് 10% ആയിരിക്കെ 7.5% മാത്രം കുറവ് ചെയ്യുന്നത് മൂലം വിവിധ പ്രവൃത്തികളിലായി താഴെ പറയും പ്രകാരം 13,063/- രൂപ കൺവീനർമാർക്ക് അധികം നൽകാൻ ഇടയായിട്ടുണ്ട്.( ഓവർഹെഡ് ചാർജ്ജ് 7.5 ശതമാനം നിരക്കിൽ അനുവദനീയമായതിനാൽ ആയതിന്റെ അടിസ്ഥാനത്തിലാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്.)

| ക്രമ നം | പ്രൊജക്ട് നം. | പ്രവൃത്തിയുടെ പേരും കൺവീനറുടെ പേരും | അളവ് പുസ്തകം | 10%ohc ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം | 10% കുറവ് ചെയ്ത്(നൽകേണ്ടത്) | 7.5% കുറവ് ചെയ്ത് (നൽകിയത്) | അധികം നൽകിയത് | വൌച്ചർ/ ബിൽ നം. |
|---|---|---|---|---|---|---|---|---|
| 1 | 44/18 | മരക്കാർ റോഡ് സെക്കന്റ് റീച്ച് | 45/16-17 | 3,63,636(+) 36,364(10%) | 4,00,000(-) 36,364 --------- | 4,00,000(-) 30,000 --------- | 3,091 | 21700318 19-07-17 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ഷിഹാബ് ഒ.യു. | | _________<br>400000 | 3,63,636(+)<br>27,273(7.5%)<br>__________<br>3,90,909 | 3,70,000(+)<br>24,000(7.5%)<br>__________<br>3,94,000 | | |
| 2 | 116/18 | കരിശ്ശുംപടി പാറ്റായി റോഡ് ഓട നിർമ്മാണം<br>മെയ്ത്തീൻ കെ.പി. | 690/16-17 | 1,74,680(+)<br>17,468(10%)<br>_________<br>1,92,148 | 1,92,148(-)<br>17,468<br>_________<br>1,74,680(+)<br>13,101(7.5%)<br>__________<br>1,87,781 | 1,92,148(-)<br>14,411<br>_________<br>1,77,737(+)<br>11,529(7.5%)<br>__________<br>1,89,266 | 1,485 | 21700372<br>02-08-17 |
| 3 | 282/17 | പേഴയ്ക്കാപ്പിള്ളി ഹരിജൻ റോഡ് പുനരുദ്ധാരണം<br>പ്രദീപ് സി.എം. | 735/16-17 | 1,23,364(+)<br>12,336(10%)<br>_________<br>1,35,700 | 1,35,700(-)<br>12,336<br>_________<br>1,23,364(+)<br>9,252(7.5%)<br>__________<br>1,32,616 | 1,35,700(-)<br>10,178<br>_________<br>1,25,522(+)<br>8,142(7.5%)<br>__________<br>1,33,664 | 1,048 | 36/17-18<br>15-01-18 |
| 4 | 86/18 | തൃക്കളത്തൂർ പാറ്റായി കോളനി ലിങ്ക് റോഡ്<br>എൻ.പി.രതീഷ് | 24/16-17 | 1,91,244(+)<br>19,124(10%)<br>_________<br>2,10,368 | 2,10,368(-)<br>19,124<br>_________<br>1,91,244(+)<br>14,343(7.5%)<br>__________<br>2,05,587 | 2,10,368(-)<br>15,778<br>_________<br>1,94,590(+)<br>12,622(7.5%)<br>__________<br>2,07,212 | 1,625 | 21700408<br>11-08-17 |
| 5 | 117/18 | ക്കുളമാരി ലിങ്ക് റോഡ് പൂർത്തീകരണം<br>ഷെറീഫ് മായിക്കനാട്ട് | 698/16-17 | 1,35,308(+)<br>13,531(10%)<br>_________<br>1,48,839 | 1,48,839(-)<br>13,531<br>_________<br>1,35,308(+)<br>10,148(7.5%)<br>__________<br>1,45,456 | 1,48,839(-)<br>11,163<br>_________<br>1,37,676(+)<br>8,930(7.5%)<br>__________<br>1,46,606 | 1,150 | 21700392<br>07-08-17 |
| 6 | 77/18 | കനാൽ ബണ്ട് വളക്കുഴി ലിങ്ക് റോഡ് പുനരുദ്ധാരണം<br>ശ്രീ. ഷമീർ പി.ഇ. | 704/16-17 | 1,81,620(+)<br>18,162(10%)<br>_________<br>1,99,782 | 1,99,782(-)<br>18,162<br>_________<br>1,81,620(+)<br>13,622(7.5%)<br>__________<br>1,95,242 | 1,99,782(-)<br>14,984<br>_________<br>1,84,798(+)<br>11,987(7.5%)<br>__________<br>1,96,785 | 1,543 | 21700404<br>09-08-17 |
| 7 | 68/18 | പഞ്ചായത്ത് ഓഫീസ് പള്ളിച്ചിറ റോഡിൽ ഓട നിർമ്മാണം<br>ശ്രീ.ഇ.കെ.അശോകൻ | 701/16-17 | 1,36,309(+)<br>13,631(10%)<br>_________<br>1,49,940 | 149940(-)<br>13,631<br>_________<br>1,36,309(+)<br>10,223(7.5%)<br>__________<br>1,46,532 | 149940(-)<br>11,200<br>_________<br>1,38,740(+)<br>8,996(7.5%)<br>__________<br>1,47,736 | 1,204 | 15/17-18<br>27-07-17 |
| 8 | 53/18 | പെരുമറ്റം പള്ളി ലിങ്ക് റോഡ് കോൺക്രീറ്റിംഗ്<br>ശ്രീ. മുഹമ്മദ് ശിഹാബ് | 21/16-17 | 90,804(+)<br>9,080(10%)<br>_________<br>99,884 | 99,884(-)<br>9,080<br>_________<br>90,804(+)<br>6,810(7.5%)<br>__________<br>97,614 | 99,884(-)<br>7,491<br>_________<br>92,393(+)<br>5,993(7.5%)<br>__________<br>98,386 | 772 | 21700332<br>5-07-17 |
| 9 | 123/18 | വാഴയ്ക്കനാക്കുടി കെളനി റോഡ് കോൺക്രീറ്റിംഗ്<br>ശ്രീ. അബ്ദുൾ കരിം | 624/16-17 | 1,34,665(+)<br>13,466(10%)<br>_________<br>1,48,131 | 1,48,131(-)<br>13,466<br>_________<br>1,34,665(+)<br>10,100(7.5%)<br>__________<br>1,44,765 | 1,48,131(-)<br>11,109<br>_________<br>1,37,022(+)<br>8,888(7.5%)<br>__________<br>1,45,910 | 1,145 | 21700346<br>25-07-17 |
| ആകെ | | | | | | | 13,063 | |

മേൽപ്പറഞ്ഞ പ്രകാരം കൺവീനർ പ്രവൃത്തിയിൽ ഓവർഹെഡ് ചാർജ്ജ് അധികം നൽകാൻ ഇടയായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14-11-18 ലെ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം നൽകിയ 13,063/- രൂപ അതാത് കൺവീനറിൽ നിന്നും തിരികെ ഈടാക്കുകയോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും വസൂലാക്കുകയോ ചെയ്യേണ്ടതാണ്.

.

# 3-2 ദേശിയ ഗ്രാമിണ തൊഴിലുറപ്പ് പദ്ധതി-കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്

2017-18 വർഷം ഈ പദ്ധതിയുമായി ബദ്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമനം. | ഇനം | കുടുംബങ്ങൾ | വ്യക്തികൾ | ആകെ |
|---|---|---|---|---|
| 1. | രജിസ്ററർ ചെയ്തവർ | 4704 | 7090 | 11794 |
| 2. | തൊഴിൽ കാർഡ് ലഭിച്ചവർ | 4704 | - | 4704 |
| 3. | തൊഴിൽ ആവശ്യപ്പെട്ടവർ | 1678 | 1863 | 3541 |
| 4. | തൊഴിൽ ലഭിച്ചവർ | 1450 | 1563 | 3013 |
| 5. | 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവർ | 49 | - | 49 |

തൊഴിൽ ആവശ്യപ്പട്ട എല്ലാവർക്കും തൊഴിൽ നല്കാൻ പര്യാപ്തമായ രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവർ വളരെ കുറവാണ്.തൊഴിൽ ലഭിച്ച 1450 കുടുംബങ്ങളിൽ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത് 49 കുടുംബങ്ങൾക്ക് മാത്രമാണ്.100 തൊഴിൽ ദിനങ്ങൾ പരമാവധി കുടുംബങ്ങൾക്കും ലഭ്യമാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. വികസനകാര്യ സ്ററാൻഡിങ്ങ് കമ്മിററി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. കുടിവെള്ള ക്ഷാമം വളരെ രൂക്ഷമായ പഞ്ചായത്ത് പ്രദേശങ്ങളിൽ കിണർ റീ ചാർജ്ജിങ്ങ് പ്രോജക്ടുകളുടെ ആവശ്യകതയും സ്വീകാര്യതയും വലിയ തോതിലുണ്ട്. വാർഡ്തല സർവ്വെ നടത്തി വിവരം ശേഖരിക്കുകയും അതിനനുസൃതമായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും വികസന കാര്യ സ്ററാൻഡിങ്ങ് കമ്മിററി തീരുമാനമെടുക്കേണ്ടതാണ്.

# 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 650000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18 വർഷത്തിൽ സെക്രട്ടറി താഴെ പറയുന്ന പ്രോജക്ടുകൾ ഡെപ്പോസിറ്റ് വർക്കായി നിർവ്വഹണം (നിർവ്വഹണ ഏജൻസി-കേരള വാട്ടർ അതോറിററി , മൂവാററുപുഴ) നടത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | തുക | ചെലവ് വിവരം |
|---|---|---|---|
| 1. | S 0401/18<br>തേരാം പാറ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും സ്ഥാപിയ്ക്കൽ | 570000/-<br>വികസനഫണ്ട് (എസ്.സി.പി) | ബിൽ നം. 10/24.08.17 |
| 2. | S 0416/18<br>പുത്തൻചക്കാല പൈപ്പ് ലൈൻ നീട്ടൽ | 30000/- (വികസനഫണ്ട്) | ബിൽ നം. 19/19.01.2018 |
| 3. | S 0417/18<br>വിളക്കമറ്റം പൈപ്പ് ലൈൻ നീട്ടൽ | 50000/- (വികസനഫണ്ട്) | ബിൽ നം. 20/19.01.2018 |
| | ആകെ | | 650000/- |

മേൽ പ്രവർത്തികൾ പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ്എൻക്വയറി(നം.6/14.11.2018) യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിററിയിൽ നിന്നും ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കുടിവെള്ളക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് ഇത്. കുടിവെള്ളപദ്ധതികൾ പൂർത്തികരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വികസന കാര്യ സ്ററാൻഡിങ്ങ് കമ്മിററി ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിയ്ക്കേണ്ടതാണ്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 650000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

തനത് ഫണ്ടിൽ നിന്നും മഴക്കാല പൂർവ്വശുചീകരണത്തിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. 220000 /- രൂപ വൗച്ചർ നം. 51700165 dtd. 29.05.17
2. 110000/- രൂപ വൗച്ചർ നം.51700165 dtd.29.05.17
3. 528000/-രൂപ വൗച്ചർ നം.51700618 dtd.13.10.17

ഇതിൽ 220000 /- രൂപ ശുചിത്വമിഷനിൽ നിന്നും ലഭിയ്ക്കേണ്ട വിഹിതമാണ്. തുക ലഭിക്കുമ്പോൾ തനത്ഫണ്ടിലേയ്ക്ക് റീ ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. എന്നാൽ ടി തുക തനത് ഫണ്ടിലേക്ക് റീ ട്രാൻസ്ഫർ ചെയ്തിട്ടില്ല.ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 5/13.11.2018) ലഭ്യമാക്കിയ മറുപടിയിൽ ശുചിത്വമിഷനിൽ നിന്നും തുക ലഭിച്ചിട്ടില്ല എന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീ കരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ശുചിത്വമിഷനിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ലഭ്യമാകുന്ന മുറയ്ക്ക് അത് തനത്ഫണ്ടിലേയ്ക്ക് റീ ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്. കൂടാതെ ശുചീകരണത്തിനായി ചെലവഴിച്ച തുകകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വാർഡ് തല ശുചിത്വ സമിതിയ്ക്ക് തുക നല്കിയതിന്റെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ഫയലിൽ ഉള്ളത്.

## 3-5 മെഡിക്കൽ ഓഫീസർ -പി.എച്ച്.സി നടപ്പാക്കിയ പ്രൊജക്ട് സാന്ത്വന പരിചരണം -ഉപകരണങ്ങൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം ( സാന്ത്വന | 144/18 |

| | |
|---|---|
| പരിചരണം) | |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| ചെലവ് | 86466/-രൂപ(തനത് ഫണ്ട്) |

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എം.ഡിക്ക് 27.3.2018 ലെ 217012960ം നമ്പർ ചെക്ക് പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിക്കുവാൻ 86466/- രൂപ കൈമാറിയിട്ടുണ്ട്.തുക കൊടുത്തതിന്റെപെർഫോർമ ഇൻവോയിസിന്റെ ഒറിജിനൽ ഹാജരാക്കിയിട്ടില്ല.ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണം | എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | വീൽ ചെയർ | 6 | 25980.58 രൂപ |
| 2 | വീൽ ചെയർ വിത്ത് (കമ്മോട്) | 7 | 43319.44രൂപ |
| 3 | ഹോട്ട് വാട്ടർ ബാഗ് | 11 | 1167രൂപ |
| 4 | ബി.പി അപ്പാരട്ടസ് | 3 | 3594.97രൂപ |
| 5 | വാക്കർ | 11 | 10510.50രൂപ |
| ആകെ | | | 80209.46 |
| | ഹാൻഡിലിംങ് ചാർജസ്(ജി.എസ്.ടി) | | 288.75 |
| | ജി.എസ്.ടി | | 4363.84 |
| ആകെ | | | 86466 |

ഓഡിറ്റ് തിയതി വരെയും മേൽ ഉപകരണങ്ങൾ സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടില്ല.ഉപകരണങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

# 3-6 കൺവീനർ പ്രവൃത്തിയിൽ അനധികൃതമായി സേവന നികുതി നൽകി

| | |
|---|---|
| പ്രോജക്ട് നം. | 36/18 |
| പ്രോജക്ടിന്റെ പേര് | തൃക്കളത്തൂർ ജി.എൽ.പി.എസ്.മെയിന്റനൻസ് |
| അടങ്കൽ | 400000 |
| കൺവീനർ | എം.ആർ.അനിൽ കുമാർ |
| ട്രഷറി ബിൽ | 13/17-18 തീയതി 27.07.17 |
| അളവ് പുസ്തകം | 24/16-17 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയിൽ 10% സേവന നികുതി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആകെ പ്രവൃത്തി മൂല്യം 3,54,378 രൂപയുള്ള ഈ പ്രവൃത്തിക്ക് 35,438 രൂപ സേവന നികുതിയിനത്തിൽ കൺവീനർക്ക് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പിന്റെ 29-02-2016 ലെ സർക്കാർ ഉത്തരവ് (പി) 30/2016നമ്പർ ഉത്തരവ് പ്രകാരം എല്ലാ പുതിയ പ്രവൃത്തികളുടേയും എസ്റ്റിമേറ്റിൽ സേവന നികുതിയും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ബാധകമാക്കാൻ കഴിയുന്നതല്ല. 1994 ലെ സേവന നികുതി നിയമത്തിലെ 66 D വകുപ്പിൽ സേവനനികുതി ബാധകമാകാത്ത ഇനങ്ങൾക്കായി പറഞ്ഞിട്ടുള്ള നെഗറ്റീവ് ലിസ്റ്റിൽ സർക്കാരിന്റേയോ തദ്ദേശഭരണ സ്ഥാപനത്തിന്റേയോ സേവനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്.

മാത്രമല്ല, ഇവിടെ ഗുണഭോക്തൃസമിതിയുടെ ചെലവ് കണക്കുകളിൽ ഈയിനത്തിലുള്ള ചെലവ് ഉൾപ്പെടുകയോ കേന്ദ്രസർക്കാരിലേക്ക് സേവന നികുതി അടച്ചതിന്റെ രശീതി കൺവീനർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ അനധികൃതമായി സേവന നികുതിയിനത്തിൽ അനുവദിച്ച 35,438 രൂപ കൺവിനർ ശ്രീ.

എം.ആർ. അനിൽ കുമാറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

(ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 19-11-18 ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറപടി നൽകിയിട്ടില്ല.)

# ഭാഗം-4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 2,55,000 | 138/18 സമഗ്ര നെൽകൃഷി വികസനം | 2,55,000 | ഇല്ല |
| | 2017-18 | 1,55,000 | 282/18 ക്ഷീരസഹകരണ സംഘങ്ങള്ഡ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1,55,000 | ഇല്ല |
| | 2017-18 | 1,63,265 | 4/18 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം | 1,63,265 | ഇല്ല |
| | 2017-18 | 1,25,000 | 144/18 സാന്ത്വന പരിചരണം | 1,25,000 | ഇല്ല |
| | 2017-18 | 3,00,000 | 418/18 ആർദ്രം പദ്ധതി | 3,00,000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | 4/18 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം | 2,00,000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു :-

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | വിനിയോഗിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തേരാംപാറ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോറും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കൽ പ്രോജക്ട് നമ്പർ എസ്.0 401/18 | ട്രഷറി ബിൽ നം.10/17-18 തീയതി 24-08-17 | 5,70,000 | - | 5,70,000 |

| | | | | | |
|---|---|---|---|---|---|
| | പുഞ്ചക്കാല പൈപ്പ് ലൈൻ നീട്ടൽ | ട്രഷറി ബിൽ നം.19/17-18 തീയതി 19-01-18 | 30,000 | - | 30,000 |
| | വിളക്കമറ്റം പൈപ്പ് ലൈൻ നീട്ടൽ | ട്രഷറി ബിൽ നം.20/17-18 തീയതി 19-01-18 | 50,000 | - | 50,000 |
| ആകെ | | | | | 650000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനായി ഗുണഭോക്തൃസമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. മുൻവർഷങ്ങളിലെ വായ്പ തിരിച്ചടച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ. (സാ.ധാ) നം. 564/2010/ ത.സ്വ.ഭ.വ/ 22.2.10 | 1,02,55,500 | 12,84,250 | 12,84,250 | 0 | ഇല്ല |

.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വാർഷിക കണക്കിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈടാക്കിയിട്ടുള്ള /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 2-1 | 98,243 | ശ്രീ.കെ.ജി.ശ്രീകുമാർ, സെക്രട്ടറി | 117010103462 തീയതി 11.09.17 |
| 2013-14 | 3-1 | 735 | ശ്രീ.കെ.ജി.ശ്രീകുമാർ, സെക്രട്ടറി | 117010106736 തീയതി 07.11.17 |
| 2015-16 | 2-1എ | 150 | റെജി പി.സി. | 117010110391 തീയതി 26.02.18 |

| | | | | |
|---|---|---|---|---|
| 2015-16 | 2-1സി | 1250 | ശ്രീ.പി.എച്ച്.ഇല്ല്യാസ് | 117010111798<br>തീയതി 24.03.18 |
| 2013-14 | 2-1സി | 1250 | ശ്രീ. പി.എം.അലി | 117010109850<br>തീയതി 12.02.18 |
| ആകെ | | 101628 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല, കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല, റോഡുകളിൽ കിലോമീറ്റർ ഹെക്ടോ മീറ്റർ /കല്ലുകൾ സ്ഥാപിച്ചിട്ടില്ല | 90 റോഡുകളിൽ നെയിം ബോർഡുകളും കിലോമീറ്റർ / ഹെക്ടോ മീറ്റർ കല്ലുകളും സ്ഥാപിച്ചു. |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,41,84,958 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,89,66,800 |
| വരവിനങ്ങളിലുള്ള നഷ്ടം | 12,540 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 48,501 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,36,466 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-3 | 12,540 | - | ശ്രീ. ജിനേഷ് ജി,സെക്രട്ടറി |
| 3-1 | --- | 12,015 | ശ്രീ. കെ.പി.സോമൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 1,048 | ശ്രീമതി സന്ധ്യ കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 35,438 | ശ്രീ. കെ.പി.സോമൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 12,540 | 48,501 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 6,50,000 | ശ്രീ. സുധീർ ബി. സെക്രട്ടറി |
| 3-5 | 86,466 | ഡോ.അരുൺ ബി.ആർ,മേഡിക്കൽ ഓഫീസർ,പി.എച്.സി |
| ആകെ | 7,36,466 | |

**സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സന്ധ്യ കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പായിപ്ര ഗ്രാമപഞ്ചായത്ത് | കാട്ടേക്കുടിയിൽ വീട്, നെല്ലാട് പി.ഒ., മൂവാറ്റുപുഴ |
| ശ്രീ. കെ.പി.സോമൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പായിപ്ര ഗ്രാമപഞ്ചായത്ത് | കരൺചേരി ഹൗസ് ഇരിങ്ങോൾ (PO) പെരുമ്പാവൂർ |
| ശ്രീ ജിനീഷ്.ജി,സെക്രട്ടറി | സെക്രട്ടറി,രായമംഗലം ഗ്രാമ പഞ്ചായത്ത് | നിഷഭവൻ.ബി.ഒ.സി റോഡ്,പെരുമ്പാവൂർ |

# 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി (5) 770/97 തീയതി 08.01.99 |
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02 തീയതി 07.01.2003 |
| 1990-00<br>2001-02 | എൽ.എഫ്.ഇ.പി (1) 704/03 തീയതി 02.07.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/06 തീയതി 29.4.2008 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009 തീയതി 15.10.2009 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09 തീയതി 15.10.2009 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/12 തീയതി 01.03.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11 തീയതി 27.02.12 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.പി (5) 2082/12 തീയതി 08.01.13 |

| | |
|---|---|
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13 തീയതി 25.11.13 /04.12.13 |
| 2013-14<br>2014-15 | എൽ.എഫ്.ഇ.പി (8) 1122/15 തീയതി 27.07.15 /17.08.15 |
| 2015-16 | കെ എസ് എ -ഇ കെ എം(പി 8)1972/2016<br>തീയതി 08.12.16/10.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി.8)1267/17 തീയതി<br>16-09-17/17-10-17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

# അനുബന്ധം-1

# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 (6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എറണാകുളം ജില്ലയിലെ **പായിപ്ര** ഗ്രാമപഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2017-18-ലെ** സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവ് യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1.വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2.ഭൂമിയുൾപ്പെടെയുള്ള ആസ്ഥികൾ പൂർണ്ണമായും അക്കൌണ്ട് ചെയ്ത് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3.3 മാസ കാലാവധി കഴിഞ്ഞ ചെക്കുകൾ 'stale checques' എന്ന ഇനത്തിലേക്ക് മാറ്റിയിട്ടില്ല.
4.ബി-17,R.P40(b) എന്നിവയിൽ കാണിച്ചിട്ടുള്ള T.P Account no.219 ന്റെ പാസ്സ് ബുക്ക് ( നീക്കിയിരിപ്പ്-500 രൂപ ) പരിശോധനക്ക് ഹാജരാക്കിയില്ല.
5.ട്രേഡേഴ്സിന്റെ തൊഴിൽ നികുതി-വാർഷിക കണക്കുകളുമായി രജിസ്റ്ററിലെ കണക്കുകൾ ( ഡി.സി.ബി ) പൊരുത്തപ്പെടുത്തില്ല.
6.B-18 ഷെഡ്യൂൾ പ്രകാരം വിവധ ഇനങ്ങളിൽ വിവിധ വർഷങ്ങളിൽ നൽകിയ അഡ്വാൻസുകൾ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്